# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2825 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

### ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടികൾ ആയിട്ടുണ്ടോ; | (എ) | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എല്ലാ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാൻഡ് അക്വിസിഷൻ ഓഫീസർമാരുടെയും അർത്ഥനാധികാരികളുടെയും യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. കോടതി കേസുകളും പൊതുജനങ്ങളുടെ എതിർപ്പും കാരണമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടു പോകുന്നത്. 2013-ലെ RFCTLARR ആക്റ്റിൽ നിഷ്കർഷിക്കുന്ന സമയപരിധിയ്ക്കുള്ളിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ സ്ഥാപനങ്ങൾ പരസ്പരം ഭൂമി കൈമാറ്റം ചെയ്യാൻ ഉള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് KSTP യ്ക്ക് കൈമാറുന്നതിന് 3.4.2017-ലെ സ.ഉ(കൈ) 105/17/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴികെയുള്ള സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്ക് ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ പു:നർനിർമ്മിച്ചു നൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയോടെ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി നൽകുന്നതിന് 26/08/2017-ലെ 302/17/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യക്ക് കൈമാറി നൽകുന്നതിന് 24.11.2018-ലെ 175/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.<br>ഭൂമി കൈമാറുന്നതിനുള്ള കാലതാമസം വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി കൈമാറുന്നതിന് 5.6.2018-ലെ ജി.ഒ(പി)31/18/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് 01.11.2018-ലെ എൽ.ആർ.കെ 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ